# മുത്തശ്ശിയുടെ മണം

■ ബാലചന്ദ്രൻ എരവിൽ

ഇരുമ്പ് ഗേറ്റ് തുറന്ന് ആ പറമ്പിലേക്ക് കാലെടുത്തു വെച്ചപ്പോൾ കണ്ട കാഴ്ച ഉണ്ണിക്കുട്ടനെ അത്ഭുതപ്പെടുത്തി. വർണ്ണ ച്ചിറകുകൾ വിരിച്ച് നൃത്തമാടുന്ന പൂമ്പാറ്റ ക്കൂട്ടം. അച്ഛന്റെ കൈയിൽ പിടിച്ച് മുന്നോട്ട് നടക്കവെ പൂമ്പാറ്റകളെ എണ്ണാൻ ഒരു ശ്രമം നടത്തി. നടന്നില്ല. മഴവില്ല് വിരിച്ചപോലെ പൂക്കൾ വിടർന്ന് ചിരിക്കുന്നു. ഫലവൃക്ഷ ങ്ങൾ വേണ്ടുവോളമുണ്ട്.

''ആരാ? പറമ്പിൽ ജോലി ചെയ്യുന്നയാൾ ചോദിച്ചു.

''ഞങ്ങൾ.. കുറച്ചു ദൂരെ നിന്നാ. മുത്ത ശ്ശിയില്ലേ?''



അയാൾ കാണിച്ചുതന്ന മുറിയിലേക്ക് കടന്നു. കട്ടിലിൽ ചുരുണ്ടുകിടക്കുന്ന മനു ഷ്യരൂപം.

''മുത്തശ്ശീ...'' ഉണ്ണിക്കുട്ടൻ ഉറക്കെ വിളിച്ചു.

മൃതസഞ്ജീവനി കിട്ടിയതുപോലെ മുത്ത ശ്ശി എഴുന്നേറ്റിരുന്നു.

മുത്തശ്ശി കുളിച്ച് ഒരുങ്ങുമ്പോഴേക്കും അച്ഛൻ അടുക്കളയിലെ പാചകലോകത്തേ ക്ക് കടന്നു.

മുത്തശ്ശിയുടെ കൈയും പിടിച്ച് പറമ്പിലൂ ടെ നടന്നു.

ഔഷധച്ചെടികളും നാട്ടുമരുന്നും കൃ ഷിച്ചൊല്ലുകളുമൊക്കെയായി മുത്തശ്ശി വാ പൂട്ടിയില്ല.

ഉച്ചയൂണിന് ശേഷം മുത്തശ്ശിയുടെ മടി യിൽ കിടന്നു. വിരലുകൾ കൊണ്ട് മുടിയിൽ തലോടി മുത്തശ്ശി കഥകളുടെ ഭാണ്ഡം തു റന്നു.



''വാ, പോകാം. ഇപ്പോൾ പോയാലേ ഇരു ട്ടും മുമ്പ് ഫ്ളാറ്റിലെത്താൻ കഴിയൂ.'' അച്ഛന്റെ വാക്കുകൾ കേട്ട് എഴുന്നേറ്റു.

മുത്തശ്ശിയെ വിട്ട് പോകാൻ മടി. പോകേ ണ്ടെന്ന് അച്ഛനോട് പറയാനും പേടി.

മുത്തശ്ശിയുടെ കൈയിൽ നിന്നും കാച്ചിയ എണ്ണയും കടുമാങ്ങ അച്ചാറും ഔഷധച്ചെടി കളും വാങ്ങി യാത്ര പറഞ്ഞു.

തുരുമ്പു പിടിച്ച ഗേറ്റിറങ്ങുമ്പോൾ തിരി ഞ്ഞൊന്നു നോക്കി..!

ഗേറ്റിനൊപ്പം മുത്തശ്ശിയും തുരുമ്പായി തീർന്നപോലെ.

അച്ഛനൊപ്പമെത്താൻ നടത്തത്തിന് വേഗം കൂട്ടി. തണുത്ത കാറ്റ് പിന്നാലെ കൂടിയിട്ടുണ്ട്. ആ കാറ്റിന് മുത്തശ്ശിയുടെ മണമായിരുന്നു..!

ലോകത്ത് ഏറ്റവും കുറച്ച് പേർക്ക് കണ്ടു വരുന്ന രക്തഗ്രൂപ്പ്- എ ബി നെഗറ്റീവ്